# റബർ ബോർഡ് എംപ്ലോയീസ് സഹകരണ സംഘം
## ലിമിറ്റഡ് നമ്പർ കെ. 155, കളക്ട്രേറ്റ് പി. ഒ., കോട്ടയം -2

**RBECS : 260 / 2017-18**

## സർക്കുലർ

**14-12-2017**

മാന്യ സഹകാരികളെ,

നമ്മുടെ സംഘത്തിന്റെ പ്രവർത്തനങ്ങൾ സുഗമമായി നടക്കുന്നു എന്നറിയിക്കുവാൻ സന്തോഷമുണ്ട്. ഏതാനും ചില വിവരങ്ങൾ അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു.

**1. എമർജൻസി വായ്പ**

15-07-2017 ൽ നടന്ന നമ്മുടെ സംഘത്തിന്റെ 55-ാമത് വാർഷിക പൊതുയോഗ തീരുമാനമനുസരിച്ച് എമർജൻസി വായ്പ രണ്ടുലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട് എന്ന വിവരം അറിയിക്കുന്നു. തവണകൾ 40 മാസം തന്നെയായി തുടരും. മറ്റു വ്യവസ്ഥകളിൽ മാറ്റമില്ല. റിക്കവറിക്ക് മതിയായ Net Salary ഉള്ളവർക്ക് മാത്രമേ വായ്പ അനുവദിക്കാനാവുകയുള്ളു എന്ന വിവരം പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

**2. KYC Forms**

സംഘത്തിൽ നിക്ഷേപങ്ങൾ നടത്തുമ്പോഴും നിലവിലുള്ളവ പിൻവലിക്കുകയോ പുതുക്കുകയോ ചെയ്യുമ്പോഴും KYC Form പൂരിപ്പിച്ച് 1 ഫോട്ടോ, പാൻ കാർഡിന്റെയും, ആധാർ കാർഡിന്റെയും കോപ്പി ഇവ സഹിതം സംഘത്തിൽ എത്തിച്ചു തരേണ്ടതാണ്. (ഒരാൾ ഒരു തവണ മാത്രം) ബഹു. സഹകരണ സംഘം രജിസ്ട്രാറുടെ നിർദ്ദേശാനുസരണമുള്ള ഈ നടപടിയിൽ അംഗങ്ങൾ സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**3. GDC സ്കീം**

രണ്ടുലക്ഷം രൂപ സലയുള്ള 40 മാസ കാലാവധിയുള്ളതും 1 ലക്ഷം രൂപ സലയുള്ള 25 മാസ കാലാവധിയുള്ളതുമായ ജി. ഡി. സി. എസ്. തുടങ്ങുന്നതിലേയ്ക്ക് ബഹു. അസിസ്റ്റന്റ് രജിസ്ട്രാറുടെ അനുവാദം ലഭിച്ചിട്ടുണ്ട്. പ്രസ്തുത സ്കീമിൽ അംഗമാകുവാൻ താല്പര്യമുള്ള അംഗങ്ങൾ യഥാക്രമം 3830, 3400 രൂപ സംഘത്തിൽ നേരിട്ടോ ബാങ്ക് അക്കൗണ്ടിലോ അടച്ച് സഹകരിക്കണമെന്ന് അപേക്ഷിക്കുന്നു. ബാങ്ക് അക്കൗണ്ട് വിവരങ്ങൾ താഴെപ്പറയുന്നു.

1. SBI, കോട്ടയം സിവിൽ സ്റ്റേഷൻ ബ്രാഞ്ച് A/c No. : 67005990629, IFSC : SBIN0070101
2. CBI, കീഴുകുന്ന് ബ്രാഞ്ച് A/c No. :1559500012, IFSC : CBIN0284150

**4. കാരുണ്യ ഫണ്ട്**

കഴിഞ്ഞ പൊതുയോഗത്തിൽ നമ്മൾ തീരുമാനിച്ചിരുന്നതുപോലെ കാരുണ്യ ഫണ്ട് രൂപീകരിക്കുന്നതിന് ബഹു. ജോയിന്റ് രജിസ്ട്രാറുടെ അനുവാദം ലഭിച്ചിട്ടുണ്ട്. ഫണ്ടിന്റെ രൂപീകരണവും വിനിയോഗവും സംബന്ധിച്ച വിശദവിവരങ്ങൾ അടുത്ത പൊതുയോഗത്തിൽ അംഗങ്ങളെ അറിയിക്കുന്നതാണ്.

**5. ഗിഫ്റ്റ്**

നമ്മുടെ സംഘത്തിൽ നിന്നും അംഗങ്ങൾക്ക് കഴിഞ്ഞവർഷം നൽകിയ ഗിഫ്റ്റ് - മാർവൽ ബാഗ് ഇനിയും കൈപ്പറ്റിയിട്ടില്ലാത്ത അംഗങ്ങൾ അത് ഡിസംബർ 31 ന് മുമ്പായി കൈപ്പറ്റേണ്ടതാണ്.

**6. കലണ്ടർ**

2018 ലെ കലണ്ടർ വിതരണത്തിന് തയ്യാറായിട്ടുണ്ട്. ആഫീസ് ഉപയോഗത്തിന് ആവശ്യമുള്ള കോപ്പികളുടെ എണ്ണം ഡിസംബർ 20 ന് മുമ്പായി അറിയിക്കണമെന്ന് അപേക്ഷിക്കുന്നു. തപാൽമാർഗ്ഗം ആവശ്യമുള്ളവർ തപാൽ ചാർജ്ജും നൽകേണ്ടതാണ് എന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. കലണ്ടർ വില 20 രൂപ

**7. ഡയറി**

2018 ലെ ഡയറി വിതരണത്തിന് തയ്യാറായിട്ടുണ്ട്. അംഗങ്ങൾ അത് കൈപ്പറ്റേണ്ടതാണ് എന്ന് അറിയിക്കുന്നു.

**8. വായ്പാപേക്ഷകൾ**

വായ്പയ്ക്ക് അപേക്ഷിക്കുന്ന അംഗങ്ങൾ പ്രിന്റഡ് ഫോം തന്നെ ഉപയോഗിക്കണമെന്ന സഹകരണ ഡിപ്പാർട്ട്മെന്റിന്റെ നിർദ്ദേശമുള്ളതിനാൽ ഡൗൺലോഡ് ചെയ്ത ഫോമുകളും, ഫോട്ടോ കോപ്പികളും ഉപയോഗിക്കരുതെന്ന് അറിയിക്കുന്നു. അപേക്ഷാഫാറങ്ങൾ ആവശ്യമുള്ളവർ ആഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**9. സർവ്വീസ് ടാക്സ്**

സഹകരണ സംഘങ്ങളിൽ നിന്നും നൽകിവരുന്ന സേവനങ്ങൾക്ക് സർവ്വീസ് ടാക്സ് ബാധകമാണെന്നുള്ള കേന്ദ്രസർക്കാരിന്റെ നിർദ്ദേശാനുസരണം ജി.ഡി. സി. എസ്. തുകകൾ കൈപ്പറ്റുന്ന അംഗങ്ങൾ സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ സർവ്വീസ് ടാക്സ് 12% അടയ്ക്കേണ്ടതാണെന്നുള്ള വിവരം ഒരിക്കൽക്കൂടി ഓർമ്മിപ്പിക്കട്ടെ.

**10. വിദ്യാഭ്യാസ സഹായ പദ്ധതി**

ഗ്രൂപ്പ് സി വിഭാഗത്തിൽപ്പെടുന്ന Pay Matrix 4 വരെയുള്ള അംഗങ്ങളുടെ കുട്ടികൾക്ക് നൽകിവരുന്ന വിദ്യാഭ്യാസ ആനുകൂല്യം (2016-17 വർഷത്തേത്) ലഭിക്കുന്നതിന് രക്ഷിതാക്കളായ അംഗങ്ങളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

**അർഹത**

(i) ബിരുദ ബിരുദാനന്തര വിദ്യാർത്ഥികൾക്കു മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ.

(ii) 1-6-2016 ൽ Pay Matrix 4 വരെയുള്ള അംഗങ്ങളുടെ കുട്ടികൾക്ക് (അപേക്ഷയോടൊപ്പം സാലറി സ്ലിപ്പ് കൂടി വയ്ക്കണം)